Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

Circular letter No/GR 63/2025

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരേ, ദൈവജനമേ,

ഒക്ടോബർ 5 മുതൽ 10 വരെ വാർഷിക ധ്യാനത്തിൽ ആയിരുന്ന വൈദികർക്ക് വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ച നിങ്ങൾ ഓരോരുത്തരോടും ഉള്ള നന്ദി ആദ്യം തന്നെ ഞാൻ അറിയിക്കുന്നു. ധ്യാന സമാപനത്തിൽ വൈദികരുമായി പങ്കുവെച്ച ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കുവാൻ ആണ് ഞാൻ ഇത് എഴുതുന്നത്.

തക്കല രൂപതയുടെ അഞ്ചാമത്തെ വികാരി ജനറാളായി 2019 മെയ് 24 മുതൽ പെരിയ ബഹുമാനപ്പെട്ട തോമസ് പൗവ്വത്തുപറമ്പിൽ അച്ചൻ തന്റെ ശുശ്രൂഷ നിർവഹിച്ചു വരികയായിരുന്നല്ലോ. നാഗർകോവിൽവിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിന്റെ വികാരിയും അൽഫോൻസാ സ്കൂളിന്റെ മാനേജരുമായി 26 വർഷത്തോളം സ്തുത്യർഹമായ സേവനം ചെയ്ത ശേഷമാണ് ബഹുമാനപ്പെട്ട തോമസച്ചൻ തക്കല രൂപതയുടെ വികാരി ജനറാൾ എന്ന ഉത്തരവാദിത്തം ഏറ്റെടുത്തത്. നാഗർകോവിൽ അൽഫോൻസാ തീർത്ഥാടനകേന്ദ്രവും സ്കൂളും ഇന്ന് കന്യാകുമാരി ജില്ലയിലെ തക്കല രൂപതയുടെ സാന്നിധ്യത്തിന്റെ സുപ്രധാന അടയാളമായിത്തീർന്നതിന്റെ പിന്നിൽ തോമസച്ചന്റെ, ദൈവാശ്രയത്വത്തിൽ ഉറച്ച കഠിനാധ്വാനവും അർപ്പണബോധവും പ്രാർത്ഥനാജീവിതവുമാണ് കാരണമായത് എന്ന് നമുക്കേവർക്കും അറിയാവുന്ന വസ്തുത ആണ്.

തുടർന്ന് രൂപതയുടെ വികാരി ജനറാളായി കഴിഞ്ഞ ആറര വർഷങ്ങളായി അതിപ്രധാനമായ ഉത്തരവാദിത്വങ്ങൾ തികഞ്ഞ പക്വതയോടും സമർപ്പണബോധത്തോടും കൂടിയാണ് അച്ചൻ ചെയ്തുവന്നിരുന്നത്. മെത്രാനടുത്ത എന്റെഅജപാലന ശുശ്രൂഷകളിൽ ഒരു നിഴലുപോലെ കൂടെ നിന്ന് ആവശ്യമായമാർഗനിർദേശവും തുണയും നൽകി എന്നെ സഹായിച്ചു. വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും ഒപ്പം സഞ്ചരിച്ചുകൊണ്ടു തന്റെ അനുഭവസമ്പത്തിനേയും ആത്മീയശക്തിയെയും രൂപതയുടെ വളർച്ച മാത്രം ലക്ഷ്യമാക്കി ഉപയോഗിച്ചുകൊണ്ട് അച്ചൻ തന്റെ ദൗത്യങ്ങൾ തുടർന്ന് വരികയായിരുന്നു. സമീപകാലത്തു ആരോഗ്യപരമായ കാരണങ്ങളാൽ അച്ചൻ വിദഗ്ധ ചികിത്സ തേടുകയും തുടർന്ന് ഡോക്ടർമാർ അച്ചന് കുറെ നാളത്തേയ്ക്ക് സമ്പൂർണ വിശ്രമം ആവശ്യപ്പെടുകയും ചെയ്തു.

ആയതിനാൽ 2025 ഒക്ടോബർ 10 മുതൽ വികാരി ജനറാളിന്അടുത്ത എല്ലാ ശുശ്രൂഷകളിൽ നിന്നും അച്ചൻ പൂർണ്ണമായിമാറി നിന്നുകൊണ്ട് ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഒരു വിശ്രമ കാലാവധിയിൽ ആണ്ഇനിയുള്ള നാളുകൾ. പെരിയ ബഹുമാനപ്പെട്ട തോമസ് പൗവ്വത്തുപറമ്പിൽ അച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും ആത്മീയ ശുശ്രൂഷകളെയും ഓർക്കുകയും രൂപതയിലെദൈവജനത്തിന്റെ മുഴുവൻ പേരിലും എന്റെ വ്യക്തിപരമായ പേരിലും അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും ദൈവാനുഗ്രഹങ്ങളും നേരുകയുംചെയ്യുന്നു. അതോടൊപ്പം അച്ചൻ എത്രയും വേഗത്തിൽ സുഖം പ്രാപിച്ചു രൂപതയിലെ മറ്റുശുശ്രൂഷാ മേഖലകളിലേക്ക് തിരികെയെത്താൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

പുതിയ വികാരി ജനറാൾ

ബഹുമാനപ്പെട്ട തോമസച്ചന്റെ അസാന്നിധ്യത്തിൽ വികാരി ജനറാൾ എന്ന ഉത്തരവാദിത്വത്തിലേക്കു മുൻ വികാരി ജനറാൾ ആയിരുന്ന ബഹുമാനപ്പെട്ട ജോസ് മുട്ടത്തുപാടം അച്ചനെ 2025 ഒക്ടോബർ 10 മുതൽ നമ്മുടെ രൂപതയുടെ പുതിയ വികാരി ജനറാൾ ആയി നിയമിച്ച വിവരം ഔദ്യോഗികമായി നിങ്ങളെ ഞാൻ അറിയിക്കുകയാണ്. അച്ചന് ആശംസകൾ നേരുന്നതിനൊപ്പം അച്ചന്റെ ശുശ്രൂഷകൾ ദൈവാനുഗ്രഹപ്രദമാകാൻ നമുക്കു പ്രാർത്ഥിക്കാം.

ജപമാല പ്രദക്ഷിണം

ഇതോടൊപ്പം രൂപതയിൽ നടത്തപ്പെടുന്ന മറ്റു ചില പ്രധാന കാര്യങ്ങൾ കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. മരിയായിൻ സേനയുടെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിൽ നടത്തപ്പെടുന്ന ജപമാല പ്രദക്ഷിണം ഈ വർഷം ഒക്ടോബർ 26 ആം തീയതി അതായത് വരുന്ന ഞായറാഴ്ചയാണ് നടത്തപ്പെടുന്നത്. അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് മഞ്ചാലുംമൂട് ചെറുപുഷ്പ ഫൊറോന ദേവാലയത്തിൽ നിന്നും തുടങ്ങി മാലൈക്കോട് ഹോളിക്രോസ് തീർഥാടന ദേവാലയത്തിൽ സമാപിക്കുന്നതാണ്. മരിയൻ ഭക്തി പ്രകടമാക്കുവാനുള്ള വലിയ അവസരമായി ഈ ജപമാല പ്രദക്ഷിണത്തെ നമുക്ക് മാറ്റാം. ഓരോ ഇടവകയിൽ നിന്നും പരമാവധി പങ്കാളിത്തം ജപമാല പ്രദക്ഷിണത്തിൽ ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

രൂപതാ ദിന ആചരണം

1996 നവംബർ പതിനൊന്നാം തീയതി രൂപംകൊണ്ട നമ്മുടെ രൂപത വളർച്ചയുടെ 29 വർഷങ്ങൾ ഈ വരുന്ന നവംബർ പതിനൊന്നാം തീയതി പൂർത്തിയാക്കുകയാണല്ലോ. ആയതിനാൽ നവംബർ ഒമ്പതാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും പരിശുദ്ധ കുർബാനയോട് ചേർന്ന് രൂപതാ ദിന ആഘോഷങ്ങൾ നടത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. രൂപതാ ദിനത്തിന് ഒരുക്കമായി നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും മഠങ്ങളിലും സ്ഥാപനങ്ങളിലും നവംബർ ഏഴാം തീയതി വെള്ളിയാഴ്ച ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തേണ്ടതായിട്ടുണ്ട്.

ദൈവജനത്തിന്റെ സജീവ പങ്കാളിത്തത്തോടുകൂടി നല്ല രീതിയിൽ ഈ ആരാധന നടത്തണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. രൂപതാ ദിന ആഘോഷങ്ങൾക്കുള്ള മാർഗ്ഗരേഖകൾ രൂപതയിൽ നിന്നും പിന്നീട് നൽകുന്നതാണ്.

മിഷൻ ലീഗ് റാലി

ചെറുപുഷ്പ മിഷൻ ലീഗിൻറെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്താറുള്ള മിഷൻ ലീഗ് കുട്ടികളുടെ റാലി ഈ വർഷം നവംബർ മാസം പതിനാറാം തീയതിയാണ് നടത്തപ്പെടുക. റാലി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് കരിങ്കൽ സി എസ് ഐ പള്ളിയിൽ നിന്ന് ആരംഭിച്ച് സൂസൈപുരം സെൻറ് ജോസഫ് ഫൊറോന ദേവാലയത്തിൽ സമാപിക്കുന്നതാണ്. മിഷൻ ലീഗിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം റാലിയിൽ ഉറപ്പുവരുത്തണമെന്ന് വികാരിയച്ചന്മാരെ ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മിഷൻ ഞായർ ആചരണം

ലോക പ്രേഷിതദിനമായി ആചരിക്കുന്ന ഈ ഞായറാഴ്ച, ലോകമെമ്പാടുമുള്ള മിഷനറി പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിനും ഉള്ള വലിയ ഒരു അവസരമാണ്. സഭയുടെ പ്രേക്ഷിത ദൗത്യ ഫണ്ടിലേക്ക് ഉദാരമായ സംഭാവന ചെയ്യാൻ ഞാൻ നിങ്ങളെ പ്രത്യേകം ക്ഷണിക്കുന്നു. ഇടവക തലത്തിൽ സ്വരൂപിക്കുന്ന പണം സാർവത്രിക സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങൾക്കായി അയച്ചു കൊടുക്കുന്നതാണ്. പ്രാർത്ഥനയോടും ഉദാരമനസ്ഥിതിയോടും കൂടി മിഷനറി പ്രവർത്തനങ്ങളെ പിന്തുണയ്ക്കുവാൻ നമുക്ക് ഒന്നുചേരാം

ദൈവം നമ്മുടെ എല്ലാ പ്രയഗ്നങ്ങളും ഫലസമൃദ്ധമാക്കട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥവും സംരക്ഷണവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

Bishops House
15.10.2025

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: 19 ഒക്ടോബർ 2025 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും കുർബാനയ്ക്കുശേഷം വായിക്കുവാൻ വേണ്ടി നൽകപ്പെടുന്നത്